# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5884

19.11.2019 ൽ മറുപടിക്ക്

### നിക്ഷേപ സൗഹൃദ സംസ്ഥാനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.അൻവർ സാദത്ത് : | | ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ കൂടുതൽ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റി രാജ്യത്തെ ആദ്യ പത്ത് നിക്ഷേപക സൗഹൃദ സംസ്ഥാനങ്ങളുടെ പട്ടികയിൽ എത്തിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ; | (എ)<br>&<br>(ബി) | സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ വിവിധ അനുമതികൾ അതിവേഗം നൽകുന്നതിനായി നിലവിലെ നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തി "2018 ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട്" നിലവിൽ വന്നു.<br>വ്യവസായം ആരംഭിക്കുന്നതിനുള്ള കാലതാമസവും മറ്റ് ബുദ്ധിമുട്ടുകളും ലഘൂകരിക്കുന്നതിനായി ഒരു ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) 11.02.2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. പുതിയ വ്യവസായ സംരംഭകർക്ക് വിവിധ അനുമതികൾ നേടേണ്ട 15 വകുപ്പുകൾ /ഏജൻസികൾ എന്നിവിടങ്ങളിൽ അവ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്.<br>കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ. കൂടാതെ സമയബന്ധിതമായി ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാകുന്ന കാര്യം പരിശോധിക്കാനായി സംസ്ഥാന തലത്തിലും, ജില്ലാതലത്തിലും കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, കൂടുതൽ വകുപ്പുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് |
| (ബി) | പരിസ്ഥിതി സൗഹൃദവും മലിനീകരണം പരമാവധി കുറഞ്ഞതുമായ വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്ന നയം ആണോ സർക്കാർ സ്വീകരിച്ചിട്ടുള്ളത്; ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;വിശദാംശം നൽകാമോ; | | |

| | | | |
|---|---|---|---|
| | | | കെ-സ്വിഫ്റ്റ് (KSWIFT–Phase-II) വിപുലീകരിക്കുവാനും പദ്ധതിയിട്ടിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിനുള്ള അനുമതി ലഭ്യമാകുന്നതിന് കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആൻറ് ഇൻഡസ്ട്രിയൽ ടൌൺഷിപ്പ് ഏര്യാ ഡെവലപ്മെൻറ് ആക്ട് 1999 (ഭേദഗതി) ബിൽ, മലിനീകരണ നിയന്ത്രണബോർഡിന്റെ വ്യവസ്ഥകൾ പ്രകാരം ചുവപ്പ് കാറ്റഗറിയിൽപെടാത്തതും 10 കോടി രൂപ വരെ മൂലധന നിക്ഷേപമുള്ള എല്ലാ പദ്ധതികൾ/വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വിവിധ ആക്ടുകൾ പ്രകാരം ലഭിക്കേണ്ടതായ ലൈസൻസുകളോ/ അപ്രൂവലുകളോ/ പെർമിറ്റുകളോ സമർപ്പിക്കുന്നതിന് 3 വർഷത്തെ സമയം അനുവദിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്ന 2019 ലെ 'കേരള സൂക്ഷ്മ-ചെറുകിട- ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ' 07.11.2019 ൽ കേരള നിയമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്. |
| (സി) | ഇത്തരത്തിലുള്ള എത്ര വ്യവസായങ്ങളാണ് ഇതിനകം സംസ്ഥാനത്ത് പുതുതായി ആരംഭിച്ചതെന്ന് അറിയിക്കാമോ? | (സി) | കെ-സ്വിഫ്റ്റ് സംവിധാനം നിലവിൽ വന്നതിനുശേഷം നാളിതുവരെ 691 സംരംഭകർ രജിസ്റ്റർ ചെയ്യുകയും 326 കോമൺ ആപ്ലിക്കേഷൻ ഫോറം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 30 ദിവസത്തിനുള്ളിൽ തന്നെ പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി 25 ക്ലിയറൻസുകളും അല്ലാതെ 122 ഡീഡ് ലൈസൻസുകളും കെ-സ്വിഫ്റ്റ് മുഖേന നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ